പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3013 22-06-2012 - ലെ മറുപടിയ്ക്ക്

## സംസ്ഥാനത്ത് കൊപ്ര, നാളികേരം എന്നിവ സംഭരിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. കെ. മുരളീധരൻ<br>,, റ്റി. എൻ. പ്രതാപൻ<br>,, ഹൈബി ഈഡൻ<br>,, എ. റ്റി. ജോർജ് | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് കൊപ്ര, നാളികേരം എന്നിവ സംഭരിക്കുന്നതിന് എന്തെല്ലാം ഊർജ്ജിത നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;<br>(ബി) സഹകരണ സംഘങ്ങൾക്ക് വിഹിതം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;<br>(സി) ഇതിന് മുൻകാല പ്രാബല്യം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ;<br>(ഡി) തുക വർദ്ധിപ്പിക്കാൻ നാഫെഡ് അനുമതി നൽകിയിട്ടുണ്ടോ ? | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | 2012 സീസണിലേയ്ക്ക് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില മില്ലിംഗ് കൊപ്രയ്ക്ക് ക്വിന്റലിന് 5100 രൂപയും ഉണ്ട കൊപ്രയ്ക്ക് ക്വിന്റലിന് 5350 രൂപയും തൊണ്ട് കളഞ്ഞ് വെള്ളത്തോടു കൂടിയ നാളികേരത്തിന് ക്വിന്റലിന് 1400 രൂപയുമാണ്. കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും കേന്ദ്ര ഏജൻസിയായ നാഫെഡിന്റെ സംസ്ഥാനതല ഏജൻസികളായി സർക്കാർ നിയോഗിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായ കമ്മിറ്റികൾ 249 സഹകരണ സംഘങ്ങളെയും 596 നാളികേര ഉത്പാദക സംഘങ്ങളെയും സംഭരണത്തിനായി തെരഞ്ഞെടുത്തിട്ടുണ്ട്. സംഘങ്ങളുടെ പങ്കാളിത്തം ഊർജ്ജിതപ്പെടുത്തുവാനായി സർക്കാർ അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കൊപ്ര സംഭരണം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി സംഘങ്ങളുടെ നഷ്ടം നികത്തുന്നതിനും അവരെ സംഭരണ പ്രക്രിയയിൽ കൂടുതൽ കാര്യക്ഷമമാക്കുവാനും കൊപ്ര സംഭരണത്തിനുപയോഗിക്കുന്ന ചാക്കൊന്നിന് നാഫെഡ് നിശ്ചയിച്ചിരിക്കുന്ന 27 രൂപയ്ക്ക് പുറമെ പത്ത് രൂപ കൂടി അധികമായി സർക്കാർ ഫണ്ടിൽ നിന്നും അനുവദിച്ചുകൊണ്ട് സ.ഉ.(എം.എസ്)നം.143/12/കൃഷി തീയതി 11-06-12 പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ തുക സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നതിനാൽ നാഫെഡിന്റെ അനുമതി ആവശ്യമില്ല. |

സെക്ഷൻ ഓഫീസർ